**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 21** **27-06-2022 - ൽ മറുപടിയ്ക്ക്**

**വയനാട് പാക്കേജ് തുടർ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2021-ൽ 7000 കോടി രൂപയുടെ വയനാട് പാക്കേജ് പ്രഖ്യാപിച്ചതിനു ശേഷം ഇതുമായി ബന്ധപ്പെട്ട് ഇതേവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | വയനാട് ജില്ലയുടെ സാമൂഹിക സാമ്പത്തിക വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ജില്ലാ വികസന പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ, സഹകരണ മേഖല, സ്വകാര്യ മേഖല എന്നിവയെ സംയോജിപ്പിച്ചാണ് സംസ്ഥാന സർക്കാർ പ്രത്യേക വികസന പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. ഈ പാക്കേജിന്റെ തുടർ പ്രവർത്തനങ്ങൾക്കായി സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് 22/11/2021ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനിച്ചിട്ടുള്ളതാണ്. പാക്കേജിനായി പ്രഖ്യാപിച്ച തുക ഘട്ടംഘട്ടമായി വരും സാമ്പത്തിക വർഷങ്ങളിൽ വിവിധ വകുപ്പുകളിലൂടെ ചെലവഴിക്കും. 2021-22 സാമ്പത്തിക വർഷത്തിൽ ഈ പാക്കേജിനായി പ്രത്യേക ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കു പുറമേ പാക്കേജിൽ നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതലത്തിൽ ഏറ്റെടുക്കുന്നതിന് 2022-23ബഡ്ജറ്റിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിൽ അഭിമുഖീകരിക്കുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കാൻ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ പാക്കേജ് നടപ്പിലാക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തടസ്സങ്ങൾ ഇല്ലാതെ പുരോഗമിച്ചുവരുന്നു. |
| (സി) | പ്രസ്തുത പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പ്രസ്തുത പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിന് 26/04/2022 ന് സംസ്ഥാന ആസൂത്രണബോർഡിന്റെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ആസൂത്രണ സമിതി അംഗങ്ങൾ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുമായി |

| | | | |
|---|---|---|---|
| | | | സമഗ്രയോഗം ചേരുകയുണ്ടായി. കൂടാതെ വയനാട് ജില്ലാകളക്ടർ സമർപ്പിച്ച പ്രോജക്ടുകളുടെ ലിസ്റ്റ് പരിശോധിക്കുകയും മുൻഗണനാക്രമം നിശ്ചയിച്ചിട്ടുള്ളതും പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിച്ചുവരികയുമാണ്. |

സെക്ഷൻ ഓഫീസർ